LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകപ്പിലെ പിരിച്ചുവിടപ്പെട്ട താല്ലാലിക തസ്തികകൾ

36 (3467) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകപ്പിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകളിലൂടെ നിലനിർത്തപ്പെട്ടിരുന്ന വിവിധ തസ്തികകളിൽ ആശുപത്രികൾ, പി.എച്ച്. സെന്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട എത്ര തസ്തികകളിൽനിന്നും ജീവനക്കാരെ പിരിച്ചുവിട്ടുവെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിന്നും ഈ സർക്കാർ കാലയളവിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും വ്യക്തമാക്കുമോ ;

(സി) നേഴ്സിംഗ്, ഫാർമസി, ശുചീകരണം, തുടങ്ങിയ മേഖലകളിൽനിന്നും ഇപ്രകാരം ജീവനക്കാരെ പിരിച്ചുവിടുമ്പോൾ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു പറയാമോ ;

(ഡി) മഴക്കാല രോഗങ്ങളും പകർച്ചപ്പനികളുമടക്കം ബാധിച്ച രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ആതുരാലയങ്ങൾ സേവനം നൽകാൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഇപ്രകാരം സേവനം നൽകിയിരുന്ന വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ പിരിച്ചുവിട്ടത് എന്ത് ഉദ്ദേശത്തോടെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇവരെ അടിയന്തരമായി തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എച്ച്.എം.വഴി വിവിധ തസ്തികകളിൽ ആശുപത്രികൾ, പി.എച്ച്. സെന്ററുകൾ എന്നിവയിൽനിന്നും പിരിച്ചുവിട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലപ്പുഴ ജില്ലയിൽ ആരെയും പിരിച്ചുവിട്ടിട്ടില്ല.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.